# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 210 06.12.2018- ൽ മറുപടിക്ക്

## ചെറുകിട ഇടത്തരം വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ പദ്ധതി

ചോദ്യം

ശ്രീ. ഐ.ബി. സതീഷ്
,, എ. എൻ. ഷംസീർ
,, കെ.വി.വിജയദാസ്
,, വി. അബ്ദുറഹിമാൻ

ഉത്തരം

ശ്രീ. ഇ.പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഫാക്ടറികൾക്ക് ഉണ്ടായ കേടുപാടുകൾ വഴിയും യന്ത്രോപകരണങ്ങൾ പ്രവർത്തന ശൂന്യമായതുകൊണ്ടും ഉല്പന്നങ്ങളും അസംസ്കൃത വസ്തുക്കളും നശിച്ചതുകൊണ്ടും ഉണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്.<br>സംസ്ഥാനം നേരിട്ട അതി രൂക്ഷമായ പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ 3590 -ൽ പരം MSME യൂണിറ്റുകൾക്ക് ഏകദേശം 632 കോടി രൂപയുടെ നാശ നഷ്ടം ഉണ്ടായതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. ലഭ്യമായ കണക്ക പ്രകാരം 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് ഏകദേശം 289.40 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇടുക്കി ജില്ലയിലും, എറണാകുളം ജില്ലയിലുമുള്ള വ്യവസായ സ്ഥാപനങ്ങൾക്കാണ് നഷ്ടം ഉണ്ടായിട്ടുള്ളത്.<br>MSME യൂണിറ്റുകൾക്ക് നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വരുന്നു. സർവ്വേ പൂർണ്ണമായിട്ടില്ല. |
| ബി) | ഇത്തരം വ്യവസായങ്ങളെ പുനരുദ്ധരിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | പ്രളയ ദുരന്തത്തിലെ നഷ്ടത്തിൽ നിന്നും എം.എസ്.എം.ഇ യൂണിറ്റുകളെ പുന:രുദ്ധരിക്കുന്നതിലേക്കായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന |

| | | | |
|---|---|---|---|
| | | | പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട് . കൂടാതെ 2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും, വ്യക്തമായ മാർഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം അർഹരായ MSME സ്ഥാപനങ്ങളുടെ വായ്പകൾക്കുള്ള മൊറട്ടോറിയവും, പുന:ക്രമീകരണത്തിലൂടെ അധിക തിരിച്ചടവുകാലയളവും പുനർവായ്പയും ലഭ്യമാക്കി വരുന്നു. |
| സി) | ചെറുകിട അസംഘടിത മേഖലകളിലെ സംരംഭകർ നേരിടുന്ന മുഖ്യപ്രശ്നം സ്ഥായിയായ വിപണി കണ്ടെത്തുന്നതിനുള്ള പ്രയാസം ആയതിനാൽ ഇത്തരം ഉല്പന്നങ്ങളുടെ വിദേശ വിപണനം ലക്ഷ്യമിട്ട് ആരംഭിക്കുന്ന വാണിജ്യ മിഷന്റെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ നൽകാമോ? | സി) | 2018-ലെ വ്യവസായ വാണിജ്യ നയത്തിലെ ഖണ്ഡിക 15-ൽ താഴെ പറയുന്ന ഉദ്ദേശങ്ങളോടെ വാണിജ്യ മിഷൻ രൂപീകരിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.<br>• സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br>• ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br>• കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപറ്റി അവബോധം നൽകുക, ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.<br>• ദേശീയ അന്തർ ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br>• ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം കരകൗശലസാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ്സ് എന്നിവയുടെ വിപണനം പ്രമോട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. |
| | | | • പ്രോജക്റ്റ് കൺസൾട്ടൻസി തുടങ്ങുക.<br>• വിദേശ നിക്ഷേപകർക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.<br>• വാണിജ്യ മേഖലയിലെ വൈദ്യുത ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും .<br>• മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.<br>• വാണിജ്യ സേവനമേഖലയുടെ വളർച്ചക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും .<br>അതനുസരിച്ച് 03.12.2018-ലെ സ.ഉ(സാധാ) നം.1329/2018/വ്യവ പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ